പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2802 17.10.2016 - ൽ മറുപടിയ്ക്ക്

# ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ്

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി, വാസ്കുലർ സർജറി, ക്രിട്ടിക്കൽ കെയർ എന്നീ വിഭാഗങ്ങൾ ഇല്ലാത്തതുമൂലം റോഡപകടങ്ങളിൽ പ്പെടുന്ന രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. അപര്യാപ്തതകൾ ഉണ്ടെങ്കിലും റോഡപകടങ്ങളിൽപ്പെടുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നുണ്ട് |
| (ബി) എങ്കിൽ ഈ വിഭാഗങ്ങൾ പ്രസ്തുത മെഡിക്കൽ കോളേജിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ആധുനിക സൗകര്യങ്ങളോടുകൂടിയ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സജ്ജമായി വരുന്നുണ്ട്. ഡോക്ടർമാർ നഴ്സുമാർ അടക്കമുള്ള സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിക്കുന്നമുറയ്ക്ക് ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (സി) വണ്ടാനം മെഡിക്കൽ കോളേജിൽ സർജറി പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വണ്ടാനം മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് സർജറി. പി.ജി. സീറ്റുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടാകുന്നതാണ്. |
| (ഡി) പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ നോൺ പി.ജി. റസിഡന്റ് പോസ്റ്റുകൾ സർജറിയിലും സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികളിലും സൃഷ്ടിക്കുമോ? | (ഡി) നോൺ പി.ജി. റസിഡന്റ് പോസ്റ്റുകൾ സൃഷ്ടിക്കുന്നതിന് പകരമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ